(എ) അന്തരിച്ച വിശ്വസാഹിത്യകാരൻ തകഴിക്ക് സ്മാരകം നിർമ്മിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(സി) തകഴിയുടെ സ്മാരകം നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ),(ബി)&(സി) വിശ്വസാഹിത്യകാരനായ ശ്രീ. തകഴി ശിവശങ്കരപ്പിള്ളയുടെ ജന്മനാട്ടിൽ അദ്ദേഹം അന്ത്യവിശ്രമം കൊള്ളുന്നിടത്ത് ഒരു സ്മൃതി മണ്ഡപം പണിയുന്നതാണെന്ന് പ്രഖ്യാപിച്ചിരുന്നു. അതിനു വേണ്ടിയുള്ള നടപടികളും ആരംഭിച്ചിരുന്നു. സർക്കാരിന്റെ പുതിയ സാംസ്കാരിക നയത്തിന്റെ ഭാഗമായി യശഃശരീരനായ മലയാളത്തിന്റെ പ്രിയപ്പെട്ട കഥാകാരൻ ശ്രീ. തകഴിയുടെ വീടും, വീടുൾപ്പെടുന്ന 35 സെന്റ് സ്ഥലവും ഏറ്റെടുത്ത് ഭാവി തലമുറകൾക്ക് ഓർമ്മിക്കാൻ പറ്റുന്ന വിധത്തിൽ ചരിത്രമ്യൂസിയമായി മാറ്റുന്ന കാര്യത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

45 (1151) ഗവൺമെന്റ് പ്രസ്സുകൾ

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഗവൺമെന്റ് പ്രസ്സുകൾ പ്രവർത്തിക്കുന്നുണ്ട്; ഇവയിൽ ഓരോന്നിലും എത്ര തൊഴിലാളികൾ ഉണ്ട്; ഇവരിൽ സ്ഥിരം, കാഷ്വൽ, കോൺട്രാക്ട് തൊഴിലാളികൾ എത്ര;

(ബി) സർക്കാരിന്റെ മുഴുവൻ അച്ചടി ജോലികളും ഗവൺമെന്റ് പ്രസ്സിൽ തന്നെയാണോ നടത്തുന്നത്.;

(സി) സർക്കാരിന്റെ വിവിധ ഡിപ്പാർട്ടുമെന്റുകളുടെ അച്ചടി സ്വകാര്യ പ്രസ്സുകളിൽ നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ടോ;

(ഡി) പ്രസ്സുകളുടെ നവീകരണത്തിനായി എന്തൊക്കെ നടപടികളാണ് എടുത്തിട്ടുള്ളത്;

(ഇ) തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ 10 സർക്കാർ പ്രസ്സുകൾ പ്രവർത്തിക്കുന്നുണ്ട്. ഓരോ പ്രസ്സിലും ഉള്ള സ്ഥിരം, കാഷ്വൽ തൊഴിലാളികളുടെ എണ്ണം അനുബന്ധമായി ചേർത്തിരിക്കുന്നു.+ കോൺട്രാക്ട് തൊഴിലാളികൾ ആരും തന്നെ ഇല്ല.

(ബി) അല്ല.

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സർക്കാരിന്റെ കീഴിലുള്ള സ്വയംഭരണ സ്ഥാപനമായ ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിന് അച്ചടിജോലികൾ നൽകാൻ അനുമതി നൽകിയിട്ടുണ്ട്.

(ഡി) നിലവിലുള്ള സർക്കാർ പ്രസ്സുകൾ നവീകരിക്കുന്നതിനും അവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വേണ്ടിയുള്ള കാര്യങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനുവേണ്ടി കർണ്ണാടക പ്രിന്റിംഗ് ആന്റ് സ്റ്റേഷനറി ഡയറക്ടർ ശ്രീ. എച്ച്. ഗംഗയ്യ ചെയർമാനായും ഗവ: പ്രസ്സുകളുടെ മുൻ സൂപ്രണ്ട് ശ്രീ. കെ. സ്വാമിനാഥൻ എച്ച്. എം.ടി. കമ്പനിയുടെ ഡെപ്യൂട്ടി ജനറൽ മാനേജർ ശ്രീ. കെ. രാംകുമാർ എന്നിവർ അംഗങ്ങളായും ഗവ. പ്രസ്സുകളുടെ സൂപ്രണ്ട് ശ്രീ. മാത്യു വി. ജോൺ കൺവീനറായും ഒരു വിദഗ്ദ്ധ സമിതിയെ സർക്കാർ നിയോഗിക്കുകയുണ്ടായി. ഈ കമ്മിറ്റി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഇത് സർക്കാർ പരിശോധിച്ചു വരികയാണ്.

(ഇ) സംസ്ഥാന ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവിലെ (25.11.98-ലെ ജി.ഒ.(പി) 3000/98/ഉവിവ) പ്രകാരം സേവന വേതന വ്യവസ്ഥകൾ അച്ചടി വകുപ്പിലെ തൊഴിലാളികൾക്കും ബാധകമാണ്.

46 (1152) കമ്മീഷൻ ചെയ്ത ജലസേചന പദ്ധതികൾ

<u>ശ്രീ. എ. കണാരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ എത്ര ജലസേചന പദ്ധതികളാണ് കമ്മീഷൻ ചെയ്തിട്ടുള്ളത്;

(ബി) ഇതിൽ വൻകിട പദ്ധതികളുണ്ടോ;

(സി) ചെറുകിട പദ്ധതികളെത്ര;

(ഡി) നിർമ്മാണ പൂർത്തീകരണത്തിന് എത്ര തുകയാണ് ചെലവായിട്ടുള്ളത്;

(ഇ) പദ്ധതികളെ സംബന്ധിച്ച് ജില്ലതിരിച്ച് വിവരങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഇടത്തരം മേഖലയിൽപ്പെട്ട കുണ്ടമൺകടവ് ബ്രിഡ്ജ്-കം-റഗുലേറ്റർ പദ്ധതി 31.5.1999ൽ ഭാഗികമായി കമ്മീഷൻ ചെയ്തു. ചെറുകിട ജലസേചനമേഖലയിൽ 207 (ഇരുനൂറ്റി ഏഴ്) പദ്ധതികൾ കമ്മീഷൻ ചെയ്തിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഇരുനൂറ്റി ഏഴ് എണ്ണം

(ഡി) ചെറുകിട പദ്ധതികളുടെ നിർമ്മാണ പൂർത്തീകരണത്തിന് 9816.93 ലക്ഷം രൂപ ചെലവായി.

(ഇ) ഭാഗികമായി കമ്മീഷൻ ചെയ്ത കുണ്ടമൺകടവ് ബ്രിഡ്ജ്-കം-റഗുലേറ്റർ പദ്ധതി എറണാകുളം ജില്ലയിലാണ്. ചെറുകിട പദ്ധതികളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly